5. പദ്ധതി നിർവ്വഹണത്തിനാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

6. എൻ.ജി.ഒ.-കളുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് സുതാര്യമായ അക്കൗണ്ടിംഗ് സംവിധാനമുണ്ടായിരിക്കണം.

7. എൻ.ജി.ഒ.-യുടെ ഭാരവാഹികൾ രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹികളോ സർക്കാർ ഉദ്യോഗസ്ഥരോ ആകാൻ പാടില്ല.

8. എൻ.ജി.ഒ. നിലവിൽ നടപ്പിലാക്കുന്ന മൈക്രോ ക്രെഡിറ്റ് പദ്ധതികളിൽ ചുരുങ്ങിയത് 80% എങ്കിലും തിരിച്ചടവുണ്ടായിരിക്കണം

(ഡി) വായ്പ കോർപ്പറേഷൻ ജില്ലാ ഓഫീസുകളിൽ പണമായോ ഡിമാന്റ് ഡ്രാഫ്റ്റായോ നിശ്ചിത മാസതവണകളിലായി അടയ്ക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിൽ വായ്പാ തിരിച്ചടവ് കാലാവധി 36 മാസമാണ്. വായ്പാ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ 6% പിഴപ്പലിശ ചുമത്താനും ദുർവിനിയോഗം ചെയ്താൽ 12% അധിക പലിശയോടുകൂടി തിരിച്ചുപിടിക്കാനുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഇ) നിലവിൽ ഒരു എൻ.ജി.ഒ.-യ്ക്കും തിരിച്ചടവ് കുടിശ്ശികയില്ല.

(എഫ്) ബാധകമല്ല.

ചേർമല കോളനിയിൽ നടപ്പിലാക്കിയ പദ്ധതികൾ

302(2771) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്രയിലെ ചേർമല കോളനിയിൽ പട്ടികജാതി ക്ഷേമ വകുപ്പ് ഏതെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയിനത്തിൽ എത്ര തുക അനുവദിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നതിന്റെയും വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സബ്കളക്ടറുടെയും തഹസീൽദാരുടെയും നേതൃത്വത്തിൽ നടന്ന രണ്ട് വ്യത്യസ്ത ചർച്ചകളിൽ നിന്ന് ഒരു കരട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോളനിയിലെ 30 കുടുംബങ്ങളിലെ കൈവശരേഖയുള്ളവരിൽ (14 പേർ) അർഹരായ കുടുംബങ്ങൾക്ക് വീട്, വീട് അറ്റകുറ്റപ്പണി, ടോയ്ലെറ്റ് എന്നിവ പട്ടികജാതി വികസന വകുപ്പ് നൽകുന്നതിനാണ് കരട് പദ്ധതി വിഭാവന ചെയ്യുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly